Mathrubhumi 18.10.17

# കാർഷിക സർവകലാശാല: അക്കാദമിക് റിസർച്ച് ബ്ലോക്കിന് സി.അച്യുതമേനോൻെറ പേര് നൽകും

**കോട്ടയം:** കാർഷിക സർവകലാശാലാ ആസ്ഥാനത്തെ പുതിയ അക്കാദമിക് റിസർച്ച് ബ്ലോക്കിന് സി.അച്യുതമേനോൻ സ്മാരക പഠനഗവേഷണ ബ്ലോക്കെന്ന് പേരിടാൻ സർവകലാശാല ജനറൽ കൗൺസിൽ യോഗം തീരുമാനിച്ചു.

കുമരകം മേഖലാ കാർഷിക ഗവേഷണകേന്ദ്രത്തിൽ പ്രോ–ചാൻസലറായ കൃഷിമന്ത്രി വി.എസ്. സുനിൽകുമാറിൻെറ അധ്യക്ഷതയിൽ ചേർന്ന യോഗമാണ് തീരുമാനമെടുത്തത്. 27–നാണ് ബ്ലോക്കിൻെറ ഉദ്ഘാടനം. സർവകലാശാലാ വൈസ് ചാൻസലറെ തിരഞ്ഞെടുക്കാനുള്ള മൂന്നംഗ സമിതിയിലെ ജനറൽ കൗൺസിൽ പ്രതിനിധിയായി സംസ്ഥാന ആസൂത്രണ ബോർഡംഗം ഡോ.രവി രാമനെ നാമനിർദേശം ചെയ്തു. ഇപ്പോഴത്തെ വൈസ് ചാൻസലറുടെ കാലാവധി ഒക്ടോബർ 31–ന് അവസാനിക്കുന്ന പശ്ചാത്തലത്തിലാണ് ഈ തീരുമാനം.